ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സമയമെടുക്കുമെന്നുള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഈ ലിസ്റ്റിൽനിന്ന് കേരളത്തിലൊട്ടാകെ 9095 പേരെ നിയമിച്ചിട്ടുണ്ട്. ഇതിന് തൊട്ടുമുമ്പുള്ള ലിസ്റ്റിന്റെ കാലാവധി നീട്ടിയതുകൊണ്ടാണ് കൂടുതൽ പേരെ ആ കാലത്ത് എടുത്തിട്ടുള്ളതിനാൽ ഇവർക്ക് നഷ്ടം വന്നുവെന്നാണ് പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ നേരത്തെ 6 മാസംമുമ്പുവരെയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടു, അത് സാധിക്കുകയില്ല. ഏപ്രിൽ, മെയ്, ജൂൺ എന്നീ മൂന്നുമാസങ്ങളിലെ ആന്റിസിപ്പേറ്ററി ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞു. മെമ്പർ ഇന്ന് ആവശ്യപ്പെടുന്നത് പ്രൊമോഷൻ വേക്കൻസികൂടി റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ എന്നാണ്. പ്രൊമോഷൻ വരുന്നത് ഇംപ്ലിമെന്റ് ചെയ്ത് കഴിഞ്ഞാലേ ഇവിടെ വേക്കൻസി വരികയുള്ളൂ. അതുകൊണ്ട് അത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് എനിക്കറിയില്ല, ഏതായാലും ആ സാദ്ധ്യതകൂടി പരിശോധിക്കുന്നതാണ്.

(4)സാമുദായിക സംവരണം ഏർപ്പെടുത്തൽ

<u>ശ്രീ. പി. ഉബൈദുള്ള :</u>സർ, കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഉദ്യോഗതലത്തിലും വിദ്യാഭ്യാസത്തിലും സാമൂഹിക നീതി ഉറപ്പാക്കുന്ന സംവരണ നിയമം നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ ഈഴവ, മുസ്ലീം, ലത്തീൻ കത്തോലിക്ക, വിശ്വകർമ്മ, നാടാർ, ധീവര, മറ്റ് ക്രിസ്ത്യൻ, ഒ.ബി.സി., എസ്.സി./എസ്.ടി എന്നീ പിന്നോക്ക വിഭാഗങ്ങൾക്കെല്ലാമായി 50 ശതമാനം സംവരണം നൽകിവരുന്നുണ്ട്. സർക്കാർ സർവ്വീസിനുപുറമെ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിലും പി.എസ്.സി. മാനദണ്ഡങ്ങൾക്കനുസൃതമായി സംവരണതത്വം പാലിക്കപ്പെടുന്നു. ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റാണ് സംസ്ഥാന സഹകരണ ബാങ്കുകളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതെന്ന കാര്യം നാമിവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഓർക്കേണ്ടതുണ്ട്. എന്നാൽ 1969-ലെ സഹകരണ നിയമം 80(ബി) ചട്ടമനുസരിച്ച് രൂപീകരിച്ച കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് മുഖേന നിയമനം നടത്തുന്ന സഹകരണ അർബൻ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമിടയിലുള്ള രാജ്യത്തിന്റെ ഏറ്റവും വലിയ ധനകാര്യ സംവിധാനവും ധാരാളം തൊഴിലവസരവുമുള്ള മേഖലയാണ് സഹകരണ മേഖല. കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്താകമാനം ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലേക്കും പടർന്ന് പന്തലിച്ചിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കേരളീയ പൊതുസമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത് ജീവനക്കാരാണെന്ന കാര്യം വിസ്മരിച്ചുകൂടാ. ആയതിനാൽ സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹകരണ മേഖലയിൽ ഉദ്യോഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സഹകരണഅർബൻ ബാങ്കുകളിലെയും, പ്രാഥമിക സഹകരണ സംഘങ്ങളിലെയും നിയമനങ്ങളിൽ പി.എസ്.സി.യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുതന്നെയാണ് നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പറഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷത്തിനും 10 ജീവനക്കാരിൽ താഴെയാണുള്ളത്. 10 ജീവനക്കാരിൽ താഴെയുള്ളവരിൽ പൂർണ്ണമായും സംവരണ തത്വം പാലിക്കുന്നതിന് പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ 10 ജീവനക്കാരിൽ കൂടുതലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഈ സംവരണം അനുവദിക്കാൻ കഴിയുമോയെന്നുള്ളത് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. അതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്.

(5) ഗൾഫ് നാടുകളിൽ പി.എസ്.സി. പരീക്ഷാ സെന്റർ

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ഗൾഫ് രാജ്യങ്ങളിലുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവും യോഗ്യതയുള്ള ഇവർ സർക്കാർ ഉദ്യോഗമാഗ്രഹിക്കുന്നെങ്കിലും പി.എസ്.സി.

LIBRARY ARCHIVES Kerala Legislative Assembly